**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യങ്ങൾക്കായി ലാപ് ടോപ്പ്, ടാബ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പ്രീ മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2021-22 അധ്യയന വർഷത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>പോസ്റ്റ് മെട്രിക് ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ തെരഞ്ഞെടുക്കപ്പെട്ട 32 കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും ഹൈ എൻഡ് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ട്.<br><br>പതിനാലാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ്, ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഗ്രാമപഞ്ചായത്തുകൾ വഴി ലാപ്ടോപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലതാമസം വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (ബി) | ഈ പദ്ധതി പ്രകാരം ലാപ്ടോപ്പുകൾ Centralised Procurement and Rate Contract System (CPRCS) മുഖേന വാങ്ങണമെന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നത്.<br><br>CPRCS-ൽ നിന്നും ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടായതിനാൽ വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിരുന്നില്ല. ഇതൊഴിവാക്കുന്നതിനായി Government e-Marketplace (GEM)-ൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങി നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ